REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 08-05-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- കേരളത്തിലെ മുഖ്യമന്ത്രിയെ സംബന്ധിച്ച് AICC നിരീക്ഷകരുടെ റിപ്പോർട്ട് ഇന്ന് ഹൈക്കമാൻഡിന് സമർപ്പിച്ചേക്കും.
- തമിഴ്നാട്ടിൽ ഗവണ്മെന്റ് രൂപീകരണത്തിലെ അനിശ്ചിതത്വം തുടരുന്നു.
- പശ്ചിമബംഗാൾ നിയമസഭ പിരിച്ചുവിട്ടു. അസമിൽ അടുത്ത ചൊവ്വാഴ്ച ഗവണ്മെന്റ് രൂപീകരണം.
- രാജ്യത്തെ ഭക്ഷ്യധാന്യ ശേഖരം 604 ലക്ഷം ടൺ കവിഞ്ഞതായി പൊതുവിതരണ വകുപ്പ് മന്ത്രി പ്രൽഹാദ് ജോഷി.
- ആകാശവാണി 90-ാം വാർഷികത്തോടനുബന്ധിച്ച് ഇന്ന് ന്യൂഡൽഹിയിൽ മാരത്തൺ സംഘടിപ്പിക്കും.

## വാർത്തകൾ വിശദമായി

കേരളത്തിലെ മുഖ്യമന്ത്രിയെ സംബന്ധിച്ച് AICC നിരീക്ഷകരുടെ റിപ്പോർട്ട് ഇന്ന് ഹൈക്കമാൻഡിന് സമർപ്പിച്ചേക്കും. റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ പൂർത്തിയാക്കി നേതൃത്വം വൈകാതെ മുഖ്യമന്ത്രിയെ പ്രഖ്യാപിക്കുമെന്നാണ് റിപ്പോർട്ട്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......(വോയ്സ്)....

ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന നിയുക്ത MLA മാരുടെ യോഗത്തിൽ മുഖ്യമന്ത്രിയെ പ്രഖ്യാപിക്കാൻ ഹൈക്കമാൻഡിനെ ചുമതലപ്പെടുത്തുന്ന പ്രമേയം പാസാക്കിയിരുന്നു. MLA മാരുമായി വെവ്വേറെ ചർച്ച നടത്തിയ AICC നിരീക്ഷകർ അവരുടെ അഭിപ്രായവും സ്വരൂപിച്ചു. UDF ലെ മറ്റ് ചില പാർട്ടിനേതാക്കളുമായും നിരീക്ഷകർ ചർച്ച നടത്തി. നാളെയോ, മറ്റന്നാളോ മുഖ്യമന്ത്രിയെ പ്രഖ്യാപിച്ചേക്കുമെന്നാണ് പൊതുവിലയിരുത്തൽ.

ചെന്നൈയിലേക്ക് പോയ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ മടങ്ങിവന്ന ശേഷമായിരിക്കും ഗവണ്മെന്റ് രൂപീകരണത്തിന് UDF അവകാശമുന്നയിക്കുന്നത്.

✪✪✪

തമിഴ്നാട്ടിൽ ഗവണ്മെന്റ് രൂപീകരണത്തിലെ അനിശ്ചിതത്വം തുടരുന്നു. ഭൂരിപക്ഷത്തിനാവശ്യമായ 118 പേരുടെ പിന്തുണ ഉറപ്പാക്കാൻ തമിഴക വെട്രികഴകം നിർണായക ചർച്ചകൾ നടത്തിവരികയാണ്. നടൻ വിജയ് നേതൃത്വം നൽകുന്ന തമിഴക വെട്രി കഴകത്തിന് തിരഞ്ഞെടുപ്പിൽ 108 സീറ്റാണ് ലഭിച്ചത്.

വെട്രി കഴകത്തിന്റെ നീക്കങ്ങളെപ്പറ്റി കൂടുതൽ വിവരങ്ങൾ.

....(വോയ്സ്)...

അഞ്ച് സീറ്റ് ലഭിച്ച കോൺഗ്രസിന്റെ പിന്തുണ ഉറപ്പായെങ്കിലും, ഭൂരിപക്ഷത്തിലേക്ക് ഇനിയും കൂടുതൽ അംഗങ്ങളുടെ പിന്തുണ TVK യ്ക്ക് ആവശ്യമാണ്.

ഇന്നലെ തമിഴ്നാടിന്റെ അധികചുമതല വഹിക്കുന്ന ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറുമായി കൂടിക്കാഴ്ച നടത്തി വിജയ് ഗവണ്മെന്റ് രൂപീകരണത്തിന് അവകാശമുന്നയിച്ചിരുന്നു. ഇക്കാര്യത്തിൽ ഗവർണർ സോളിസിറ്റർ ജനറൽ L സുന്ദരേശ്വനിൽ നിന്ന് നിയമോപദേശം തേടി. TVK യിലെ മുതിർന്ന നേതാക്കൾ, CPI, CPIM ഭാരവാഹികളുമായി കൂടിക്കാഴ്ച നടത്തി പിന്തുണ തേടിയിട്ടുണ്ട്.

✪✪✪

പശ്ചിമബംഗാൾ നിയമസഭ ഔപചാരികമായി പിരിച്ചുവിട്ടു. പുതിയ ഗവണ്മെന്റ് രൂപീകരണത്തിന് വഴിയൊരുക്കാൻ ഭരണഘടനയുടെ 174 -ാം വകുപ്പ് പ്രകാരമാണ് ഗവർണർ RN രവി സഭ പിരിച്ചുവിട്ടത്. നാളെയാണ് പശ്ചിമബംഗാളിൽ പുതിയ ഗവണ്മെന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങ്

സംഘടിപ്പിക്കുന്നത്. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കാൻ BJP MLA മാരുടെ യോഗം ഇന്ന് വിളിച്ചിട്ടുണ്ട്.

✪✪✪

അസമിൽ NDA അടുത്ത ചൊവ്വാഴ്ച തുടർച്ചയായ മൂന്നാം തവണയും ഗവണ്മെന്റ് രൂപീകരിക്കും. ഇന്നലെ മുതിർന്ന BJP നേതാക്കൾ പങ്കെടുത്ത ഉന്നതതല സന്നാഹ യോഗമാണ് മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ തിയതി നിശ്ചയിച്ചത്. ഗോഹട്ടിയിലെ ഖനാപാഡ വെറ്ററിനറി കോളജ് ഗ്രൗണ്ടിലായിരിക്കും സത്യപ്രതിജ്ഞാ ചടങ്ങ്. പ്രധാനമന്ത്രി നരേന്ദ്രമോദിയായിരിക്കും ചടങ്ങിലെ മുഖ്യാതിഥിയെന്ന് സംസ്ഥാന BJP പ്രസിഡണ്ട് ദിലീപ് സൈക്യ അറിയിച്ചു. മറ്റന്നാൾ ചേരുന്ന BJP നിയമസഭാകക്ഷിയോഗം നേതാവിനെ തിരഞ്ഞെടുക്കും. ആഭ്യന്തര മന്ത്രി അമിത്ഷാ, പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ, BJP ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ, കേന്ദ്രമന്ത്രിമാർ, മുതിർന്ന നേതാക്കൾ എന്നിവരും ചടങ്ങിൽ സംബന്ധിക്കും.

✪✪✪

രാജ്യത്തെ ഭക്ഷ്യധാന്യ ശേഖരം 604 ലക്ഷം ടൺ കവിഞ്ഞതായി പൊതുവിതരണ വകുപ്പ് മന്ത്രി പ്രൽഹാദ് ജോഷി അറിയിച്ചു. നിയമാനുസൃത കരുതൽ ശേഖരത്തിന്റെ മൂന്നിരട്ടിയിലേറെയാണിതെന്ന് ജോഷി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഭക്ഷ്യധാന്യ ശേഖരം വർദ്ധിച്ചതോടെ ക്ഷേമപദ്ധതികൾക്കാവശ്യമായ വിഹിതവും, പൊതുവിതരണ സംവിധാനത്തിനാവശ്യമായ വിഹിതവും ഉറപ്പാക്കാൻ കഴിഞ്ഞു. മികച്ച വിളവെടുപ്പും, ശക്തമായ സംഭരണ സംവിധാനവും, ഭക്ഷ്യസുരക്ഷയും, കാർഷിക ക്ഷേമവും, ശോഭനമായ ഭാവിയും ഉറപ്പാക്കിയതായി പ്രൽഹാദ് ജോഷി പറഞ്ഞു.

✪✪✪

വൈദ്യുതി താരിഫിന്റെ അടിസ്ഥാനത്തിൽ കിട്ടാത്ത സേവനത്തിന് പണം നൽകാൻ ഉപഭോക്താക്കൾ ബാധ്യസ്ഥരല്ലെന്ന് സുപ്രീം കോടതി വിധിച്ചു. ജനങ്ങൾക്ക് നൽകുന്ന വൈദ്യുതിയുടെ താരിഫ് നിർണ്ണയം ഉപഭോക്തൃ താൽപ്പര്യങ്ങൾ സംരക്ഷിക്കാനാണെന്നും, അത് കേവലം കണക്കിന്റെ കളിയല്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. ഡൽഹിയിലെ റിതാല വൈദ്യുതി ഉത്പാദന കേന്ദ്രവുമായി ബന്ധപ്പെട്ട വൈദ്യുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ 2025 ലെ ഉത്തരവ് റദ്ദാക്കിയാണ് സുപ്രീം കോടതിയുടെ നിർണായക വിധിപ്രഖ്യാപനം.

✪✪✪

റെയിൽവെയുടെ പുതുക്കിയ റിസർവേഷൻ സമ്പ്രദായം ഓഗസ്റ്റിൽ ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ഡൽഹി റെയിൽഭവനിൽ ചേർന്ന അവലോകന യോഗത്തിൽ പുതിയ റിസർവേഷൻ സമ്പ്രദായം, യാത്രക്കാർക്ക് ഒരു തരത്തിലും അസൗകര്യമുണ്ടാക്കാൻ പാടില്ലെന്ന് നിർദ്ദേശം നൽകി.

40 വർഷം മുമ്പ് ആരംഭിച്ച ഇപ്പോഴത്തെ റിസർവേഷൻ രീതി പലവട്ടം പരിഷ്ക്കരണങ്ങൾക്ക് വിധേയമാക്കിയിരുന്നു. ഇവകൂടി ഉൾപ്പെടുത്തി തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ച് പൂർണമായി പുതുക്കിയ റിസർവേഷനാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ ജൂലൈയിൽ 'റെയിൽ വൺ' എന്ന മൊബൈൽ ആപ്പ് പുറത്തിറക്കിയിരുന്നു. നിലവിൽ മൂന്നര കോടിയിലേറെ ആളുകൾ ആപ്പ് ഡൗൺലോഡ് ചെയ്തു. നിർമ്മിതബുദ്ധി സഹായം കൂടി ഉൾപ്പെടുത്തി ടിക്കറ്റിന്റെ ഉറപ്പാകൽ സാധ്യത ഇപ്പോൾ ആപ്പിൽ ലഭ്യമാണ്.

✪✪✪

ഡച്ച് യാത്രാക്കപ്പൽ MV ഹോണ്ടിയസിലെ മരിച്ച മൂന്ന് പേരടക്കം അഞ്ച് യാത്രക്കാരിൽ ഹാന്റ വൈറസ് ബാധ സ്ഥിരീകരിച്ചതായി ലോകാരോഗ്യ സംഘടന അറിയിച്ചു. മൂന്നു പേരിൽ കൂടി രോഗബാധ സംശയിക്കുന്നുണ്ട്. തെക്കൻ അറ്റ്ലാന്റിക് സമുദ്ര ദ്വീപായ സെന്റ് ഹെലേനയിൽ നിന്ന് യാത്രയാരംഭിച്ച MV ഹോണ്ടിയസിൽ നിന്ന് 12 രാജ്യങ്ങളിലെ യാത്രക്കാർ പലയിടത്തായി ഇറങ്ങിയിട്ടുണ്ടെന്നും ലോകാരോഗ്യസംഘടനയുടെ അറിയിപ്പിൽ പറയുന്നു. എന്നാൽ രോഗവ്യാപന സാധ്യത വളരെ കുറവാണെന്ന് WHO വിശദീകരിച്ചു.

✪✪✪

അമേരിക്കൻ സൈന്യത്തിന് കര- വ്യോമ താവളങ്ങളിൽ സൗദി അറേബ്യ പ്രവർത്തനാനുമതി നിഷേധിച്ചു. ഇതോടെ ഹോർമൂസ് കടലിടുക്കിൽ കപ്പലുകൾക്ക് സംരക്ഷണം നൽകാൻ ട്രംപ് എടുത്ത തീരുമാനം പിൻവലിക്കേണ്ട സാഹചര്യമാണ്. യുദ്ധം അവസാനിപ്പിക്കാൻ അമേരിക്ക നൽകിയ 14 ഇന നിർദ്ദേശങ്ങൾ ടെഹ്റാൻ പരിശോധിച്ചുവരികയാണ്.

✪✪✪

പാകിസ്ഥാനുമായുണ്ടായ സംഘർഷത്തിൽ ഇന്ത്യയ്ക്ക് നാല് റഫേൽ യുദ്ധവിമാനങ്ങൾ നഷ്ടപ്പെട്ടതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറയുന്നതായി കാണിക്കുന്ന വീഡിയോ വ്യാജമാണെന്ന്

കേന്ദ്രഗവണ്മെന്റ് അറിയിച്ചു. AI നിർമ്മിത ഡീപ്ഫേക്ക് വീഡിയോയാണ് പാകിസ്ഥാൻ പ്രചരിപ്പിക്കുന്നതെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഫാക്ട് ചെക്ക് യൂണിറ്റ് സോഷ്യൽ മീഡിയ പോസ്റ്റിൽ വ്യക്തമാക്കി.

✪✪✪

ആകാശവാണി 90-ാം വാർഷികത്തോടനുബന്ധിച്ച് ഇന്ന് ന്യൂഡൽഹിയിൽ മാരത്തൺ സംഘടിപ്പിക്കും. 3.5 കിലോമീറ്റർ മാരത്തൺ ആകാശവാണി ഭവനിൽ നിന്ന് ആരംഭിച്ച് കൃഷി ഭവൻ, റെയിൽ ഭവൻ, RBI സമുച്ചയം എന്നിവയുടെ മുന്നിലൂടെ ആകാശവാണി ഭവനിൽ തന്നെ സമാപിക്കും. ആകാശവാണി, ദൂരദർശൻ, പ്രസാർ ഭാരതി ജീവനക്കാരും അവരുടെ കുടുംബാംഗങ്ങളും മാരത്തണിൽ പങ്കെടുക്കും.

✪✪✪

കേരളാ പ്രീമിയർ ലീഗ് ഫുട്ബോൾ സൂപ്പർ എട്ടിൽ കാലിക്കറ്റ് FC ക്ക് ജയം. തൃശൂരിൽ ഗോൾഡൻ ത്രെഡ്സ് FC യെ 2-1 നാണ് അവർ പരാജയപ്പെടുത്തിയത്.

✪✪✪

IPL ക്രിക്കറ്റിൽ, ലഖ്നൗ സൂപ്പർ ജയന്റ്സ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ 9 റൺസിന് പരാജയപ്പെടുത്തി. മഴ തടസ്സപ്പെടുത്തിയ മത്സരം 19 ഓവറായി ചുരുക്കിയിരുന്നു.

ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം

✪✪✪

ISL ഫുട്ബോളിൽ ഇന്ന് സ്പോർട്ടിംഗ് ഡൽഹി, ഒഡീഷ FC യെ നേരിടും . വൈകിട്ട് അഞ്ചിന് ന്യൂഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

സംസ്ഥാന നിയമസഭയിൽ പുതുതായി തെരഞ്ഞെടുത്ത 11 വനിതാ ജനപ്രതിനിധികളെ ആദരിക്കാൻ സപ്ലൈകോ 'വിമൺസ് 11' എന്ന പരിപാടി സംഘടിപ്പിക്കും. വനിതകൾക്ക് ഈ മാസം 11 മുതൽ 11 ദിവസത്തേക്ക് 11 തെരഞ്ഞെടുത്ത ശബരി ഉൽപ്പന്നങ്ങൾ 11 ശതമാനം വിലക്കുറവിൽ സപ്ലൈകോ ലഭ്യമാക്കുന്ന പരിപാടിയാണിത്.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ മലിനജല പ്ലാന്റിന്റെ പ്രവർത്തനത്തിൽ വീഴ്ച വരുത്തിയ കരാറുകാരനെ ഒഴിവാക്കി പുതിയ കരാറിന് ടെൻഡർ നടപടി ആരംഭിക്കാൻ കോർപ്പറേഷനോട് ജില്ലാകലക്ടർ ആവശ്യപ്പെട്ടു.

നിർമാണാനുമതി ലഭിച്ച സരോവരം മലിനജല സംസ്കരണ പ്ലാന്റിന്റെ തുടർനടപടികൾ വേഗത്തിലാക്കാനും വെസ്റ്റ്ഹിൽ പ്ലാന്റിന്റെ സാങ്കേതികാനുമതി ലഭ്യമാക്കാനും അവലോകന യോഗത്തിൽ ജില്ലാകലക്ടർ നിർദേശം നൽകി

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

അന്തരിച്ച മാധ്യമപ്രവർത്തകൻ വിക്ടർ ജോസഫിന്റെ സംസ്കാരം രാവിലെ കണ്ണൂർ പയ്യാവൂർ പൈസക്കരിയിലെ ദേവമാതാ പള്ളി സെമിത്തേരിയിൽ നടത്തും.

കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെ ഇന്നലെയായിരുന്നു 42 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. ഇന്ത്യ വിഷൻ, മനോരമ ന്യൂസ്, ഏഷ്യാനെറ്റ് , അമൃത ടിവി, ജയ്ഹിന്ദ് തുടങ്ങിയ മാധ്യമ സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി 1,050 പേർ ഹജ്ജ് തീർത്ഥാടനത്തിന് യാത്ര തിരിച്ചു. ഇന്ന് പുലർച്ചെ 350 വനിതാ തീർത്ഥാടകരുമായി ഒരു വിമാനം പുറപ്പെട്ടു. രാത്രി 8. 05ന് മറ്റൊരു ഹജ്ജ് സർവീസുകൂടി ഉണ്ടായിരിക്കും.

✪✪✪

പെരിന്തൽമണ്ണ പ്രസന്റേഷൻ ഹയർ സെക്കൻഡറി സ്കൂളിലെ എട്ടാംക്ലാസ് വിദ്യാർത്ഥി തേജസിന്റെ ആത്മഹത്യ അധ്യാപകരുടെ പീഡനംമൂലമാണെന്ന് പിതാവ് പരാതിപ്പെട്ടു. സ്കൂളിലെ അധ്യാപകർക്കെതിരെ പിതാവ് ഇന്നലെ ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട്.

✪✪✪

വയനാട് CC മടൂർ തേക്കിൻകാട് ഉന്നതിയിലെ 13 കാരൻ നരസിപ്പുഴയുടെ കൈവഴിയിൽ വീണ് മരിച്ചു. ഇന്നലെ വൈകിട്ടായിരുന്നു സംഭവം. കോളേരി ഗവൺമെന്റ് ഹൈസ്കൂൾ ഏഴാം ക്ലാസ് വിദ്യാർത്ഥി വിഷ്ണുവാണ് മരിച്ചത്.

✪✪✪

കോഴിക്കോട് തളി സംഗീതസഭയുടെ മൂന്നു ദിവസത്തെ ത്രിമൂർത്തി സംഗീതോത്സവത്തിന് ഇന്ന് ചാലപ്പുറം കേസരി ഭവനിൽ തുടക്കമാകും. ആചാര്യ MR രാജേഷ് ഉദ്ഘാടനം ചെയ്യും.

✪✪✪

കരമന-കളിയിക്കാവിള റോഡിൽ ബ്ലാക്ക് സ്പോട്ട് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകി. മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസിന്റേതാണ് നിർദ്ദേശം.

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News Team: അബ്ദുൽ കബീർ, രജിന കെ*
*DEO: ഷീബ*